# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6508 11-7-2012-ലെ മറുപടിക്ക്.

### തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് കേന്ദ്ര സഹായം

**ചോദ്യം :**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. വി.റ്റി ബൽറാം
ശ്രീ. സണ്ണി ജോസഫ്
ശ്രീ. ലൂഡി ലൂയിസ്

**ഉത്തരം :**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി

| | | | |
|---|---|---|---|
| (എ) | കേന്ദ്ര സർക്കാർ കേരളത്തിന് അനുവദിച്ച തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കൂടുതൽ സഹായം വേണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) | ഉണ്ട്. തീരദേശ സുരക്ഷാ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പുതുതായി അനുവദിച്ച 10 തീരദേശ പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണത്തിന് 4.8 കോടി രൂപ (ഓരോ പോലീസ് സ്റ്റേഷനും 48 ലക്ഷം രൂപാ വീതം) കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 3.2 കോടി രൂപ (ഓരോ പോലീസ് സ്റ്റേഷനും 32 ലക്ഷം രൂപാ വീതം) അധികമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ബോട്ടു ജട്ടികളുടെ നിർമ്മാണ ത്തിന് രണ്ടു കോടി രൂപയും പെട്രോളിയം, ഓയിൽ ലിക്വിഡ് ചാർജായി മൂന്നു ലക്ഷം രൂപാ വീതം (ഓരോ പന്ത്രണ്ട് ടൺ ബോട്ടിനും) 6.5 ലക്ഷം രൂപാ വീതം (ഓരോ 5 ടൺ ബോട്ടിനും) അധികമായി അനുവദിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇവയ്ക്കു പുറമേ സ്ളിപ്പ് വേയുടെ നിർമ്മാണത്തിന് 2.5 കോടി രൂപയും ( 25 ലക്ഷം രൂപ വീതം പത്ത് എണ്ണത്തിന്) 14 ബോട്ടു ജട്ടികളുടെ നിർമ്മാണത്തിന് 7 കോടി രൂപയും കൂടി അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഈ സ്റ്റേഷനുകളിൽ അനുവദിച്ചിട്ടുള്ള ബോട്ടുകളുടെ കേടുപാടുകൾ നീക്കാനുള്ള സൗകര്യത്തിന് എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്; വിശദമാക്കുമോ? | | ബോട്ടുകളുടെ കേടുപാടുകൾ യഥാസമയം ഗോവ ഷിപ്പ് യാർഡിൽ അറിയിച്ച് ഷിപ്പ്യാർഡിലെ ടെക്നീഷ്യൻമാർ വന്ന് കേടുപാടുകൾ തീർക്കാറുണ്ട്. എന്നാൽ ബോട്ടുകളുടെ ക്ലീനിംഗിനും മെയിന്റനൻസിനും ഡ്രൈഡോക്കിനും വേണ്ടി റെയിൽസ്, ക്രെഡിൽസ് എന്നീ സൗകര്യത്തോടുകൂടിയ സ്ലിപ്പ്വേ ജട്ടികൾ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ടു വരുന്നു. |

സെക്ഷൻ ഓഫീസർ